**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3429** **26-10-2021 - ൽ മറുപടിയ്ക്ക്**

**ശാസ്ത്രീയ കൃഷിരീതിയും മണ്ണ് പരിശോധനയും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ശാസ്ത്രീയമായി കൃഷി ചെയ്യുന്ന ആവശ്യത്തിലേക്കായി, കർഷകർക്ക് മണ്ണ് പരിശോധന ചെയ്ത് കൊടുക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യാൻ കർഷകരെ സഹായിക്കുന്നതിനായി മണ്ണ് പരിശോധന നടത്തുന്നതിനായി കോഴിക്കോട് ജില്ലാ മണ്ണ് പരിശോധന കേന്ദ്രം, തിക്കോടി, സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലബോറട്ടറി എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് കോഴിക്കോട് എന്ന സ്ഥാപനത്തിലും മണ്ണ് പരിശോധന സൗകര്യമുണ്ട്. കൂടാതെ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ കോഴിക്കോട് സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന പ്രാദേശിക മണ്ണ് പരിശോധനാശാലയിൽ കർഷകർ നേരിട്ട് എത്തിക്കുന്നതോ കോഴിക്കോട് ജില്ലാ മണ്ണ് പരിവേഷണ ഓഫീസ് വഴി ശേഖരിക്കുന്നതോ ആയ മണ്ണ് സാമ്പിളുകളിലെ സസ്യപോഷകങ്ങൾ ,അമ്ലത, ലവണാംശം എന്നിവ വിശദമായി പരിശോധിച്ചു നൽകുന്നു. |
| (ബി) | ശാസ്ത്രീയ കൃഷിയെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നതറിയിക്കാമോ? | (ബി) | കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം വളർത്തുന്നതിന് പരിശീലന പരിപാടികൾ, സെമിനാറുകൾ, മാതൃക കൃഷി പ്രദർശന തോട്ടങ്ങൾ, പഠന യാത്രകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. മാത്രമല്ല കർഷകർക്ക് കൂടുതൽ അറിവ് ലഭിക്കുന്നതിന് ഫാംസ്കൂൾ, കൃഷി പാഠശാല എന്നിവയിലൂടെ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്കീഴിൽ പ്രവർത്തിക്കുന്ന കർഷക പരിശീലന കേന്ദ്രം (FTC) റീജണൽ അഗ്രികൾച്ചർ ടെക്നോളജി ട്രാൻഫർ സെന്റർ (RATTC) എന്നിവ വഴി കർഷകർക്ക് വിവിധ വിഷയങ്ങളെ അധികരിച്ച് പരിശീലനങ്ങൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നു. കോഴിക്കോട് പ്രവർത്തിക്കുന്ന ജില്ലാ മണ്ണ് പര്യവേക്ഷണ കാര്യാലയം മുഖേനയും കോഴിക്കോട് പ്രാദേശിക മണ്ണ് പരിശോധന ശാല മുഖേനയും ശാസ്ത്രീയ കൃഷി ചെയ്യുന്നതിനായി കർഷകർക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന സോയിൽ ഹെൽത്ത്കാർഡ് നൽകി വരുന്നു കൂടാതെ ശാസ്ത്രീയ കൃഷിയെക്കുറിച്ച് അവബോധം നൽകുന്നതിനായി മണ്ണ് സാമ്പിൾ ശേഖരണം, ശാസ്ത്രീയ വളപ്രയോഗം, മണ്ണിന്റെ ശാസ്ത്രീയ പരിപാലന മുറകൾ, മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ